**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **11-10-2021 - ൽ മറുപടിയ്ക്ക്**

**മാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ, ശ്രീ. ടി. പി .രാമകൃഷ്ണൻ, ശ്രീ എം മുകേഷ് , ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉറവിട മാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നാളിതുവരെയുള്ള ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവസ്ഥാ വിലയിരുത്തൽ 2021 ഏപ്രിൽ മാസത്തിൽ നടത്തിയിട്ടുണ്ട്. ആയതിനായി 08.04.2021 -ൽ വകുപ്പ്/മിഷൻ മേധാവികളുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ബ്ലോക്ക്-നഗരസഭാതലങ്ങളിൽ ഉദ്യോഗസ്ഥരും റിസോഴ്സ് പേഴ്സൺമാരുമടങ്ങുന്ന വിലയിരുത്തൽ ടീമിനെ രൂപീകരിച്ചിരുന്നു. സർക്കാർ പുറത്തിറക്കിയ വിലയിരുത്തൽ സൂചിക പ്രകാരം പരിശീലനം ലഭിച്ച ടീം അംഗങ്ങൾ 08.04.2021 മുതൽ 13.04.2021 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നേരിട്ട് വിലയിരുത്തൽ നടത്തുകയും, ശുചിത്വമാലിന്യ സംസ്കരണ പ്രക്രിയയുടെ ഭാഗമായ ഹരിതകർമ്മസേനാംഗങ്ങൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ നേരിട്ട് സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലേയും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മാലിന്യ സംസ്കരണ പ്രവർത്തനം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തുകയും ആയതിന്റെ വിപുലമായ സംസ്ഥാനതല റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനം മെച്ചപെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തല മാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും അതിന്റെ സമയബന്ധിത പുരോഗതി വകുപ്പും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തുകയും ചെയ്യുന്നു. |
| (ബി) | മാലിന്യരഹിത കേരളം എന്ന ലക്ഷ്യത്തോടെ | (ബി) | വ്യാപിപ്പിക്കാനായിട്ടുണ്ട്.നിലവിൽ 987 തദ്ദേശ |

| | | | |
|---|---|---|---|
| | ആരംഭിച്ച ഹരിത കർമസേനയുടെ പ്രവർത്തനം എല്ലാ പ്രദേശത്തേക്കും വ്യാപിപ്പിക്കാനായിട്ടുണ്ടോ; അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | | സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 899 ഗ്രാമ പഞ്ചായത്തിലും 88 നഗരസഭകളിലുമാണ് ഹരിതകർമ്മസേന പ്രവർത്തിച്ചു വരുന്നത്. 3065 ഹരിതകർമ്മസേന സംരംഭങ്ങൾ കുടുംബശ്രീയിൽ സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഹരിത കർമ്മ സേന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം നൽകുകയും, ഹരിതകർമ്മസേനയ്ക്ക് അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനൊപ്പം, യൂസർഫീ നൽകണമെന്നുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുമുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വീട്ടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ ഹരിതകർമ്മസേന അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനം വഴി കണ്ടെത്തി, അവർക്ക് ആവശ്യമായ പരിശീലനം കില,ഹരിത കേരള മിഷൻ ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയിലൂടെ സംയുക്തമായി നടത്തിവരുന്നു. ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന യൂസർഫീ ഹരിതകർമ്മസേന കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അധിക വരുമാന സാധ്യതകൾ കണ്ടെത്തുന്നതിനായുള്ള വൈദഗ്ധ്യ പരിശീലനവും ഹരിതകർമ്മസേന അംഗങ്ങൾക്ക് കുടുംബശ്രീ നൽകി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിന് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം, സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറു വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളർ ആണ് (2236 കോടി രൂപ) ഇതിൽ 105 മില്യൺ US ഡോളർ (782 കോടി രൂപ) ലോകബാങ്ക് വിഹിതവും 105 മില്യൺ US ഡോളർ (782 കോടി രൂപ) ഏഷ്യൻ ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) വിഹിതവുമാണ്. ബാക്കി തുകയായ 90 മില്യൺ US ഡോളർ (670 കോടി രൂപ) സംസ്ഥാന സർക്കാർ വിഹിതവുമാണ്. പ്രസ്തുത പദ്ധതി വഴി കേരളത്തിലെ നഗരസഭകൾക്ക് ബജറ്റ് വിഹിതത്തിന് പുറമേയാണ് ലോകബാങ്ക് സഹായം നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ലോകബാങ്കുമായുള്ള എഗ്രിമെൻറ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. എഗ്രിമെന്റ് ഒപ്പിട്ടതിന് ശേഷം മാത്രമേ ധനസഹായം ലഭ്യമായി തുടങ്ങുകയുള്ളു. വേൾഡ് ബാങ്ക്, കേരള സർക്കാർ, കേന്ദ്ര സർക്കാർ, എന്നിവരുമായി 2021 നവംബർ മാസത്തിൽ എഗ്രിമെന്റിൽ ഒപ്പിടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . പരിസ്ഥിതിക്ക് യാതൊരുവിധ ആഘാതവും ഉണ്ടാക്കാതെ പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. അതിലേയ്ക്കായി എൻവയറോൺമെന്റ് ഇംപാക്ട് അസസ്മെന്റും നടത്തുന്നു. |

സെക്ഷൻ ഓഫീസർ